
# SNDP യോഗം
## ശ്രീനാരായണ പെൻഷനേഴ്സ് കൗൺസിൽ



# മനീഷ-വിസ്ഡം
# 3-ാം ഘട്ടം
## ശ്രീനാരായണ സ്കോളർഷിപ്പ് എക്സാമിനേഷൻ (SNSE)

---

**SNDP YOGAM**
**Sree Narayana Pensioners' Council**
Central Committee, Kollam-691001

Working Office: SNDP Union Building, Chembukavu, Thrissur -680020
Phone: 04873551791
Email-snpcouncil2020@gmail.com Website-www. snpcjalakam. org

---

*Integrated Educational - Excellence and Development*

SNPC

# ശ്രീനാരായണ പെൻഷനേഴ്സ് കൗൺസിൽ



**K M Sajeev**
President-SNPC



**Adv. M N Sasidharan**
Secretary-SNPC



**Dr K Soman**
Coordinator,
Maneesh-Wisdom
(Vice-President)



**Dr D Shibu Pnadala**
Vice-president
Secretary in-charge



**Dr R Bose**
Treasurer



SNPC

# SNDP യോഗം

## ശ്രീനാരായണ പെൻഷനേഴ്സ് കൗൺസിൽ

# മനീഷ-വിസ്ഡം

# 3-ാം ഘട്ടം

## ശ്രീനാരായണ സ്കോളർഷിപ്പ് എക്സാമിനേഷൻ (SNSE)

- വരും തലമുറയ്ക്ക് ഒരു മാർഗ്ഗദർശി
- അഞ്ചാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെ
- എല്ലാ വർഷവും പഠനം, പരീക്ഷ
- ക്ലാസ് റൂമുകൾക്കപ്പുറം വിജ്ഞാനം
- ഒരു വർഷം 1000 മുതൽ 1300 ചോദ്യോത്തരങ്ങൾ
- അഞ്ചു വർഷം കൊണ്ട് 7500 പൊതുവിജ്ഞാന അറിവ്
- മടിയില്ലാതെ മത്സരപരീക്ഷ എഴുതാൻ
- SNDP യോഗത്തെയും ഗുരുവിനെയും അറിയാൻ
- എല്ലാ കുട്ടികളും രവിവാര പാഠശാലയിൽ

# ഭരണത്തിന്റെ താക്കോൽ സ്ഥാനങ്ങളിലും ഇതര മേഖലകളിലും സമുദായത്തിന്റെ പുതിയ തലമുറ എത്തണം

പ്രിയമുള്ളവരെ,

വിദ്യകൊണ്ട് പ്രബുദ്ധരാകുവാൻ ഉദ്ബോധിപ്പിച്ച ഗുരുവിന്റെ ആശയങ്ങൾ പിന്തുടർന്ന് എസ്എൻഡിപി യോഗത്തിന്റെപോഷക സംഘടനകളിലൊന്നായ ശ്രീനാരായണ പെൻഷനേഴ്സ് കൗൺസിൽ (SNPC) നടപ്പാക്കുന്ന വിസ്ഡം മനീഷാ പദ്ധതി ഇതിനോടകം ശ്രദ്ധേയമായി കഴിഞ്ഞു.

വരുംതലമുറയ്ക്ക് ദിശാബോധം നൽകാനും നേരായ വഴിയെ പഠനം നടത്താനും കുട്ടികളെ ഉത്സാഹഭരിതരാക്കുവാനും SNPC നടത്തിയ ശ്രീനാരായണ ടാലൻറ് ടെസ്റ്റും തുടർന്ന് തിരഞ്ഞെടുക്കപ്പെട്ട യൂണിയനുകളിൽ നടത്തിയ ഏകദിന കരിയർ മോട്ടിവേഷൻ ക്യാമ്പുകളും വലിയതോതിൽ സമുദായ അംഗങ്ങൾക്ക് ഗുണകരമായി എന്ന് വിവിധ യൂണിയനുകൾ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

മൂന്നാംഘട്ടമായി ഈഴവ സമുദായത്തിലെ മുഴുവൻ കുട്ടികളെയും സ്കോളർഷിപ്പ് പഠന പരീക്ഷയിൽ പങ്കെടുപ്പിക്കുക എന്ന സദുദ്ദേശത്തോടെ SNPC നടത്തുന്ന ശ്രീനാരായണ സ്കോളർഷിപ്പ് എക്സാമിനേഷൻ (SNSE) നമ്മുടെ കുട്ടികളെ അറിവിന്റെ ഉയർന്നതലങ്ങളിലേക്ക് കൈ പിടിച്ചുയർത്തും. ലവലേശം സ്വാർത്ഥതയില്ലാതെ SNPC ചെയ്യുന്ന ഈ മഹത് പ്രോഗ്രാമിന് ആശംസകൾ നേരുന്നു. യൂണിയനുകളും ശാഖകളും ഈ സംരംഭത്തോട് പൂർണ്ണമായി സഹകരിച്ച് അവരവരുടെ മേഖലയിലെ എല്ലാ വിദ്യാർത്ഥികളെയും ഈ പദ്ധതിയിൽചേർക്കണം.

എല്ലാ കുട്ടികളെയും രവിവാര പഠനശാലയോട് ചേർത്തു നിർത്തി SNPC പുറത്തിറക്കുന്ന സ്കോളർഷിപ്പ് പാഠപുസ്തകം രവിവാരപാഠശാലയിൽ അരമണിക്കൂർ പഠിപ്പിക്കണം.

അതിരുകളില്ലാത്ത അറിവിന്റെ വാതായനങ്ങൾ അവർക്ക് മുന്നിൽ തുറക്കട്ടെ. സ്കൂൾ പഠനത്തോടൊപ്പം സ്കോളർഷിപ്പ് പാഠാവലി, കുട്ടികളെ മത്സര പരീക്ഷളിലേക്കും ഉയർന്നപഠനങ്ങളിലേക്കും എത്തിക്കുവാൻ തീർച്ചയായും സഹായിക്കും.

***ഒന്നിച്ചുചേർന്ന് ഒന്നായി നന്നാവാം***

കാണിച്ചുകുളങ്ങര
26/06/2025

**വെള്ളാപ്പള്ളി നടേശൻ**
ജനറൽസെക്രട്ടറി

പ്രിയപ്പെട്ടവരെ,

കുറഞ്ഞകാലം കൊണ്ട് ശ്രീനാരായണ പെൻഷനേഴ്സ് കൗൺസിൽ (SNPC) അടുത്ത തലമുറയെ ലക്ഷ്യമാക്കിയുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരികയാണ് കണിച്ചുകുളങ്ങരയിലെ മൂന്ന് ദിവസം നീണ്ട പ്രതിഭാ ക്യാമ്പ്, ശ്രീനാരായണ ടാലന്റ് സെർച്ച് എക്സാം, കരിയർ മോട്ടിവേഷൻ ക്യാമ്പുകൾ എന്നീ മനീഷ ഒന്നും രണ്ടും ഘട്ട പരിപാടികളിലൂടെ ആയിരക്കണക്കിന് വിദ്യാർത്ഥികൾക്ക് ആത്മവിശ്വാസം നൽകി.

ഇവരെ പഠനകാലമത്രയും പിന്തുടർന്ന് നല്ല ക്രിയേറ്റിവിറ്റിയുള്ള എന്തിനെയും നേരിടാൻ മനശക്തിയുള്ള, പഠനം രസകരമായി, എളുപ്പമുള്ളതാക്കി ഉയർന്ന പദവികളിൽ എത്തിക്കുവാൻ ശാക്തികരിക്കുകയാണ് അഞ്ചുവർഷം നീണ്ടുനിൽക്കുന്ന മനീഷ-വിസ്ഡം പദ്ധതി. ആദ്യഘട്ടത്തിൽ നടത്തിയ എല്ലാ പരിപാടികളും 100% വിജയം കണ്ടു. പങ്കെടുത്ത എല്ലാവരെയും ലഹരിക്കന്ന്യമാക്കുവാൻ തയ്യാറാക്കി.

3-ാം ഘട്ടം ജൂലൈ 20 ന് ആരംഭിക്കുകയാണ്, ആരാധ്യനായ SNDP യോഗം ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശൻ അവർകളുടെ നിർദ്ദേശങ്ങൾ സർവ്വാത്മനാ മനസ്സിലേറ്റിയാണ് ഞങ്ങൾ മുന്നോട്ടുപോകുന്നത്. മൂന്നാം ഘട്ടത്തിൽ കേരളത്തിലെ അഞ്ചാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെ പഠിക്കുന്ന മുഴുവൻ കുട്ടികളെയും സ്കോളർഷിപ്പ് പഠന പരീക്ഷ എഴുതിക്കുക എന്നതാണ് ലക്ഷ്യം. SNPC കേന്ദ്ര യൂണിയൻ നേതൃത്വം ഒറ്റക്കെട്ടായി നിന്ന് പ്രവർത്തിക്കുന്നുണ്ട്. എസ്എൻഡിപി യൂണിയനുകളും ശാഖകളും ഞങ്ങൾക്ക് നൽകുന്ന സഹായം വളരെ വലുതാണ്. രവിവാര പാഠശാലകളിൽ നമ്മുടെ കുട്ടികളെ എത്തിക്കാനും ഈ സ്കോളർഷിപ്പ് പഠനത്തിനു കഴിയുമെന്ന് ഞങ്ങൾ കരുതുന്നു. 5-ാം ക്ലാസ് മുതൽ 12-ാം ക്ലാസ് വരെയുള്ള ഒരാൾ പോലും ഒഴിവാക്കപ്പെടാതെ എല്ലാവരെയും രജിസ്റ്റർ ചെയ്യിച്ച് പഠനം മുന്നോട്ടു കൊണ്ടുപോകാൻ SNPC പ്രവർത്തകരും യൂണിയൻ ശാഖാ ഭാരവാഹികളും ഒന്നിച്ചു നിന്നാൽ കഴിയുന്നതേയുള്ളൂ.

സ്നേഹപൂർവ്വം

**കെ.എം.സജീവ്**
പ്രസിഡന്റ് SNPC
9447231994

**Dr. D. ഷിബു പണ്ടാല**
സെക്രട്ടറി ഇൻ-ചാർജ്ജ്
9447616698

**Dr. R. ബോസ്**
ട്രഷറർ
9037644729

**Dr. K സോമൻ**
കോർഡിനേറ്റർ, മനീഷ-വിസ്ഡം
9447105821

# ശ്രീനാരായണ സ്കോളർഷിപ്പ് എക്സാമിനേഷൻ

# (SNSE)

## എന്താണ് സ്കോളർഷിപ്പ്?

സ്കോളർഷിപ്പ് എന്ന ഇംഗ്ലീഷ് പദത്തിന് രണ്ട് അർത്ഥങ്ങളുണ്ട് തുടർ പഠനത്തിന് സാമ്പത്തിക സഹായം, അതിന് അർഹതയുള്ള നല്ല അറിവുള്ള വിദ്യാർത്ഥികൾക്ക് നൽകുക. രണ്ടാമത് ഏതെങ്കിലും ഒരു വിഷയത്തിലോ ഒന്നിലധികം വിഷയങ്ങളിലോ പഠനത്തിലിരിക്കുന്ന വിദ്യാർത്ഥികളുടെ അറിവ് വർദ്ധിപ്പിച്ച് അവരുടെ ബൗദ്ധിക നിലവാരം അളക്കുക. ഒപ്പം പ്രോത്സാഹനമായി സർട്ടിഫിക്കറ്റുകൾ, സാക്ഷ്യപത്രങ്ങൾ, ചെറിയ സാമ്പത്തിക സമ്മാനങ്ങൾ എന്നിവ നൽകുക.

### നമ്മൾ നടത്തുന്ന SNSE യുടെ ലക്ഷ്യങ്ങൾ എന്തൊക്കെയാണ്?

1. പഠിക്കുന്ന എല്ലാ വിദ്യാർത്ഥികളുടെയും വ്യക്തിഗത പഠനത്തിനുള്ള ശീലം വളർത്തി IQ വർദ്ധിപ്പിച്ച് ക്ലാസ്റൂം പഠനത്തോടൊപ്പം മത്സരസ്വഭാവം വളർത്തുക.
2. ആകാശമാണ് പരിധി എന്ന നിലയിൽ അവസരങ്ങളുടെ വലിയൊരു വാതായനം തുറന്നു നൽകുക.
3. ലക്ഷ്യത്തിലെത്താൻ സ്വയം പഠനശേഷി വളർത്താൻ സഹായിക്കുക
4. മത്സര പരീക്ഷകൾക്ക് പങ്കെടുക്കാനുള്ള ശേഷി വളർത്തി പഠനത്തിൽ സ്വയം പര്യപ്തരാക്കുക
5. മഹാഗുരുവിന്റെ നാമധേയത്തിൽ സമുദായത്തിലെ എല്ലാവരും ഒന്നാണെന്ന് പ്രചോദനം നൽകുക
6. അറിവിന്റെ വിശാലമായ ലോകം സ്കോളർഷിപ്പ് പഠന സഹായി തുറന്നു നൽകുന്നു
7. വിജയിക്കുവാനുള്ള ആത്മവിശ്വാസം സ്വയം പഠനത്തിലൂടെ വികസിപ്പിച്ചെടുക്കുന്നു.
8. ഓരോ ക്ലാസിലും ഉയർന്നുവരുന്നതിനനുസരിച്ച് അറിവ് വർദ്ധിപ്പിക്കാനും അതുവഴി ബുദ്ധിവൈഭവമുള്ള ഒരു പുതിയ തലമുറയെ വാർത്തെടുക്കുവാനും സാധിക്കുന്നു.
9. എസ്എൻഡിപി യോഗം ഈ സമുദായത്തിലെ പുതുതലമുറയ്ക്ക് നൽകുന്ന കരുതലാണ് സ്കോളർഷിപ്പ് പരീക്ഷ.
10. ചെറുതെങ്കിലും ഒരു തുക നിശ്ചിത മാർക്കു വാങ്ങുന്ന കുട്ടികൾക്ക് സ്കോളർഷിപ്പായി നൽകുക.

## SNSE യിൽ ആർക്കൊക്കെ ചേരാം ?

എസ്എൻഡിപി യോഗത്തിൽ വിശ്വസിക്കുന്ന ഈഴവ-തീയ്യ വിഭാഗക്കാരായ 5-ാം ക്ലാസ് മുതൽ 12-ാം ക്ലാസ് വരെ പഠിക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും മനീഷ മൂന്നാം ഘട്ടമായ ഈ പദ്ധതിയിൽ ചേരാം.

## രജിസ്ട്രേഷൻ

സ്കോളർഷിപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്നതിന് 5, 6, 7 ക്ലാസുകളിൽ പഠിക്കുന്നവർ **250 രൂപയും** 8, 9, 10, 11, 12 ക്ലാസുകളിൽ പഠിക്കുന്നവർ **300 രൂപയും** ശ്രീനാരായണ പെൻഷനേഴ്സ് കൗൺസിലിന്റെ പ്രത്യേക ഗൂഗിൾ സംവിധാനം വഴി ഓൺലൈനായി പെയ്മെൻറ് നടത്തി രജിസ്റ്റർ ചെയ്യാം.

## രജിസ്ട്രേഷൻ തീയതി

ജൂലൈ 20 മുതൽ ഓഗസ്റ്റ് 20 വരെ SNPC കേന്ദ്ര കമ്മിറ്റി, യൂണിയൻ സമിതി, എസ്എൻഡിപി യോഗം യൂണിയൻ കമ്മിറ്റി, ശാഖാ കമ്മിറ്റി, എന്നിവരുടെ സഹായത്തോടെ ഓൺലൈനായി രജിസ്റ്റർ ചെയ്യാം. രജിസ്റ്റർ ചെയ്യുന്ന സമയത്തു ലഭിക്കുന്ന ഐഡി നമ്പർ പിന്നീട് വരുന്ന എല്ലാ കമ്മ്യൂണിക്കേഷൻ, പരീക്ഷാഹാൾ ടിക്കറ്റിനുൾപ്പെടെ ഉപയോഗിക്കാം. **ഒരു വർഷം നടത്തുന്ന രജിസ്ട്രേഷൻ അതാത് വർഷത്തേക്ക് മാത്രമായിരിക്കും**. അന്യസംസ്ഥാനത്തും അന്യരാജ്യങ്ങളിലും താമസിക്കുന്നവർക്കും രജിസ്റ്റർ ചെയ്യാം.

## പഠന ഉപകരണങ്ങൾ

ഓരോ ക്ലാസിനും പ്രത്യേകം പാഠപുസ്തകങ്ങൾ ഉണ്ടായിരിക്കും. 1000 മുതൽ 1300 വരെ ചോദ്യങ്ങളും, ഉത്തരങ്ങളും, മാതൃകാ ചോദ്യങ്ങളും ഉൾപ്പെടുന്നതായിരിക്കും പാഠപുസ്തകം. സ്കോളർഷിപ്പിന് സ്വയം പഠനമാണ് ആവശ്യം. രവിവാര പാഠശലയിൽ ചോദ്യ-ഉത്തരങ്ങൾ പ്രത്യേകം ചർച്ച ചെയ്യുകയും മാതൃക പരീക്ഷകൾ നടത്തുകയുംചെയ്യാം. സെപ്റ്റംബർ 20ന് മുൻപായി രജിസ്റ്റർ ചെയ്ത എല്ലാവർക്കും പഠന ഉപകരണങ്ങൾ ലഭ്യമാക്കും പാഠപുസ്തകത്തിന്റെ വിലയായി 150 രൂപയും ഓൺലൈനായി അടക്കയ്ണം

## പഠന മാധ്യമം

കേരളത്തിലെ വിദ്യാർത്ഥികൾ ഇംഗ്ലീഷ്, മലയാളം മീഡിയത്തിൽ പഠിക്കുന്നവരാണ്. അന്യസംസ്ഥാനങ്ങളിലും അന്യരാജ്യങ്ങളിലും പഠിക്കുന്നവർ ഇംഗ്ലീഷ് ഭാഷയാണ് പഠിക്കുന്നത്. സ്കോളർഷിപ്പ് IQ കണക്കാക്കുന്നതിന് ഭാഷ ഒരു തടസ്സമല്ലാത്തതിനാലും, എല്ലാ ഭാഷകൾക്കും പ്രാധാന്യമുള്ളതിനാലും ഇംഗ്ലീഷ്, മലയാളം ഭാഷകളിൽ പാഠപുസ്തകങ്ങൾ നൽകും. പരീക്ഷയും രണ്ടു ഭാഷകളിലും ഉണ്ടാകും. പഠന വിഷയമാണ് പ്രധാനം എന്നതിനാൽ എല്ലാ കുട്ടികളെയും ഈ സ്കോളർഷിപ്പ് പരീക്ഷ തുല്യ പ്രാധാന്യത്തോടെ കാണുന്നു..

## സിലബസ്

**1. ജനറൽ നോളജ്**

**2. ജനറൽ അവയർനസ്**

**3. കമ്പ്യൂട്ടർ പരിജ്ഞാനം & AI**

**4. കറന്റ് അഫയേഴ്സ്**

**5. സ്പോർട്ട്സ്**

**6. മൾട്ടിപ്പിൾ ടാലന്റ്, ടെസ്റ്റ്ഓഫ് റീസണിംഗ്**

**7. കണക്ക്, സയൻസ്, സോഷ്യൽ സയൻസ്**

**8. ഇംഗ്ലീഷ്**

**9. ശ്രീനാരായണഗുരു**

**10. എസ്എൻഡിപി യോഗം**

## സ്കോളർഷിപ്പ് പരീക്ഷ

ശ്രീനാരായണ സ്കോളർഷിപ്പ് പരീക്ഷ 2 ഘട്ടങ്ങളായാണ് നടത്തുന്നത്. ക്രിസ്തുമസ് വെക്കേഷനിൽ തിരഞ്ഞെടുക്കപ്പെടുന്ന സ്കൂൾ, കോളേജുകളിൽ വച്ച് പ്രലിമിനറി പരീക്ഷയാണ് ആദ്യം. രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാവരും ഈ പരീക്ഷയെഴുതണം. പരീക്ഷയെഴുതിയവരിൽ 50 ലധികം മാർക്ക് വാങ്ങിയവർക്ക് സംസ്ഥാനതലത്തിൽ ഫൈനൽ പരീക്ഷ നടത്തും. എസ്.എൻ.ഡി.പി യോഗം നിശ്ചയിക്കുന്ന ഒരു കോളേജ്/സ്കൂളിൽ വച്ചായിരിക്കും ഇത് നടത്തുന്നത്. പ്രാഥമിക പരീക്ഷയിൽ പങ്കെടുക്കുന്നഎല്ലാവർക്കും മാർക്കിന്റെ അടിസ്ഥാന ത്തിൽ പ്രീമിയം, ഗോൾഡൻ, സിൽവർ സർട്ടിഫിക്കറ്റുകളും പഠനമാർഗ്ഗ നിർദ്ദേ ശങ്ങളും തിരഞ്ഞെടുക്കപ്പെടുന്നവർക്ക് തുടർ പരിശീലനവും നൽക്കും. സംസ്ഥാനതലത്തിൽ മികവ് കാണിക്കുന്നവർക്ക് സർട്ടിഫിക്കറ്റുകളും, 95 ലധികം മാർക്ക് വാങ്ങുന്നവർക്ക് വൺടൈം സ്കോളർഷിപ്പും, ഉപഹാരങ്ങളും, പഠന ഉപകരണങ്ങളും, തുടർ-പഠന കരിയറിന് പരിശീലനം, മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവയും നൽകും.

പത്തു മേഖലകളിലായി 1000 മുതൽ 1300 വരെ ചോദ്യങ്ങളും അവയുടെ ഉത്തര ങ്ങളും സിലബസിൽ ഉൾപ്പെടുത്തിയിട്ടുണ്ട് അതാത് ക്ലാസുകളുടെ പഠന സില ബസും അനുബന്ധ വിജ്ഞാനവും ആണ് സ്കോളർഷിപ്പ് പരീക്ഷയിൽ ചോദി ക്കുന്നത്, സ്കോളർഷിപ്പ് പരീക്ഷയ്ക്ക് ഒരു ജില്ലയിൽ നിന്ന് രജിസ്റ്റർ ചെയ്യു ന്നതിന്റെ എണ്ണം അനുസരിച്ചായിരിക്കും സ്കൂളുകളെ തിരഞ്ഞെടുക്കുക 500 കുട്ടികൾക്ക് ഒരു സ്കൂൾ എന്ന നിലയിലാണ് കണക്കാക്കിയിട്ടുള്ളത് ഇൻവി ജിലേറ്റർമാരും പേപ്പർ വാലുവേഷനും അതാത് സ്കൂളിലെ അധ്യാപകർ തന്നെയാ യിരിക്കും. രജിസ്ട്രേഷൻ, പരീക്ഷ സംഘാടനം, മേൽനോട്ടം തുടങ്ങിയ എല്ലാ ചുമതലകളും എസ്എൻഡിപി യോഗം യൂണിയൻ ഭാരവാഹികൾ, SNPC യൂണിയൻ സമിതി ഭാരവാഹികൾ ചേർന്ന് നിർവ്വഹിക്കും.

## ടാർജറ്റ്

ഓരോ ക്ലാസിലും ആദ്യം രജിസ്റ്റർ ചെയ്യുന്ന 8000 പേരെ ആയിരിക്കും പദ്ധതിയിൽ ചേർക്കുക. 2025 ഓഗസ്റ്റ് 20ന് ശേഷമുള്ള രജിസ്ട്രേഷൻ സ്വീകരിക്കുന്നതല്ല. നിശ്ചിത ഫോറത്തിലുള്ള വിവരങ്ങൾ കൃത്യമായിചേർക്കണം. ഭാഷ, ക്ലാസ്സ്, റവന്യൂ ഡിസ്ട്രിക്ട് നമ്പർ എന്നിവ. ഏറ്റവും കൂടുതൽ പേരെ സ്കോളർഷിപ്പ് പരീക്ഷയിൽ ചേർക്കുന്നതും പരീക്ഷവരെ അവരെ പ്രോത്സാഹിപ്പിക്കുന്നതുമായ എസ്എൻഡിപി യൂണിയൻ, ശാഖ SNPC യൂണിയൻ എന്നിവർക്ക് അവാർഡുകൾ നൽകും.

- 95 മാർക്കിന് മുകളിൽ വാങ്ങുന്ന കുട്ടികൾക്ക് വൺടൈം സ്കോളർഷിപ്പും, എല്ലാവർക്കും പ്രത്യേക കോച്ചിംഗും, ഉയർന്ന പഠനത്തിന് സാങ്കേതിക സഹായവും നൽകും.
- 50ന് മുകളിൽ മാർക്ക് വാങ്ങുന്ന കുട്ടികൾക്ക് ഗോൾഡൻ സർട്ടിഫിക്കറ്റും, പഠനത്തിന് ഗൈഡ്ലൈനും നൽകും.
- 50 മാർക്കിൽ താഴെ വാങ്ങുന്ന കുട്ടികൾക്ക് പാർട്ടിസിപ്പേഷൻ സർട്ടിഫിക്കറ്റും, അവരെ മുഖ്യധാരയിലേക്ക് ഉയർത്തി കൊണ്ടുവരാനുള്ള നിർദ്ദേശങ്ങളും ഉപദേശങ്ങളും നൽകും.

അഞ്ചു വർഷക്കാലം തുടർച്ചയായി സ്കോളർഷിപ്പ് എഴുതുന്ന വിദ്യാർത്ഥികൾ 6000 മുതൽ 7500 വരെ ആനുകാലിക ചോദ്യോത്തരങ്ങൾ ഹൃദ്യസ്ഥമാക്കും. ഏതു മത്സര പരീക്ഷയേയും അഭിമുഖീകരിക്കാനുള്ള ആത്മവിശ്വാസം നേടും, സ്വന്തം ലക്ഷ്യബോധം നിശ്ചയിക്കാനും അത് നേടിയെടുക്കാനുമുള്ള സ്ഥിരോത്സാഹം കരസ്ഥമാക്കും. ഉൾവലിഞ്ഞുപോകുന്ന യുവതയെ സമൂഹമദ്ധ്യത്തിൽ തല ഉയർത്തിനിൽക്കാനുള്ള വ്യക്തിത്വമുണ്ടാക്കും. താക്കോൽ സ്ഥാനങ്ങളിൽ ഉന്നതനിലകളിലും അടുത്തതലമുറഎത്തും, സാമുദായികമായി ഒന്നായി ഒന്നിച്ച് വളരും.

## എങ്ങനെയും എന്തെങ്കിലും പഠിച്ചിട്ട് കാര്യമില്ല

ആധുനിക കാലഘട്ടത്തിലെ വിദ്യാഭ്യാസ സമ്പ്രദായം തന്നെ മാറിമറിയുകയാണ് പരമ്പരാഗത പഠനത്തിൽ നിന്ന് ഇഷ്ടപ്പെട്ടതും, തൊഴിൽ സാധ്യതയുള്ളതും, അഭിരുചി അനുസരിച്ച് ഏറ്റവും ഉയർന്ന ജോലി ലഭിക്കുന്നതുമായ മേഖലകളിലാണ് പഠനം വ്യാപിപ്പിക്കേണ്ടത്. പഠനം കഴിഞ്ഞല്ല എന്താകണം എന്ന ലക്ഷ്യബോധം തീരുമാനിക്കേണ്ടത്. നേരെമറിച്ച് അപ്പർ പ്രൈമറി ക്ലാസുകളിൽ വച്ചുതന്നെ അവരവരുടെ ഗോൾ സെറ്റ് ചെയ്യണം. എല്ലാവരിലും അടിസ്ഥാനപരമായ കഴിവും ടാലന്റും ഉണ്ട്, അത് കണ്ടെത്തണം. മേഖലയിലും കഴിവും ഭാവിയും മറ്റുള്ളവരുടെ തീരുമാനത്തിന് വിട്ടുകൊടുക്കരുത് മറ്റുള്ളവരുടെ സഹായം സ്വീകരിക്കാം

ചിട്ടയായ പഠനരീതിയും സമയബന്ധിതമായി പൂർത്തിയാക്കാനും ഹാർഡ് വർക്കിൽ നിന്ന് സ്മാർട്ട് വർക്കിലേക്ക് പഠനം മാറ്റാനും സ്വയം പഠനത്തിന് പ്രാധാന്യം കൊടുക്കാനും സ്കോളർഷിപ്പ് പരീക്ഷകൾക്ക് കഴിയും. എല്ലാവർക്കും അവരവരുടെ അവസരങ്ങൾ ഉണ്ട് അത് ഏതെന്ന് കണ്ടുപിടിക്കണം. പഠന കാലഘട്ടത്തിൽ തന്നെ മത്സരപരീക്ഷകൾക്കുള്ള പൊതുവിജ്ഞാനം കരസ്ഥമാക്കണം. SNPC നടത്തുന്ന സ്കോളർഷിപ്പ് പരീക്ഷകൾ നമ്മുടെ പുതിയ തലമുറയെ കൈപിടിച്ചുയർത്താനാണ്. സമൂഹത്തെ അഭിമുഖീകരിക്കണമെങ്കിൽ സ്കിൽഫുൾ ആയിരിക്കണം. മാർക്ക് കൂടുതൽ നേടുന്നവരെ പോലെ തന്നെ മാർക്ക് കുറവുള്ളവർക്കും നിരവധി മേഖലകളിൽ അവസരങ്ങൾ ഉണ്ട്.

എസ്എൻഡിപി യോഗം അതിന്റെ അംഗങ്ങൾക്കു നൽകുന്ന കരുതലാണ് SNPC നടത്തുന്ന സ്കോളർഷിപ്പ് പരീക്ഷ. മറ്റു സമുദായങ്ങളെപോലെ ഭരണത്തിന്റെ താക്കോൽ സ്ഥാനങ്ങളിൽ അടുത്ത അഞ്ചുവർഷംകൊണ്ട് ഈഴവ സമുദായത്തിലുള്ളവർ എത്തണം. പെൻഷനേഴ്സ് കൗൺസിലിന്റെ മനീഷ-വിസ്ഡം പദ്ധതി മൂന്നാം ഘട്ടത്തിനൊപ്പം എല്ലാ എസ്എൻഡിപി യൂണിയനുകളും ശാഖകളും കൈകോർത്തു നിൽക്കുന്നതോടെ മിടുക്കൻമാരെയും മിടുക്കികളെയും മികച്ച സ്ഥാനങ്ങളിലെത്തിക്കാം. മാർക്ക് കുറവും എന്നാൽ ക്രിയേറ്റിവിറ്റിയും യുക്തിസഹചിന്തയും ഉള്ളവരെ ഫോഴ്സുകളിലും സാങ്കേതിക മേഖലകളിലും എത്തിക്കാൻ ഒരേ മനസ്സോടെ ഒറ്റക്കെട്ടായി ഒന്നിച്ചു പോകാം മഹാഗുരു ഒപ്പമുണ്ട്.

*****************

## പഠനം കഴിഞ്ഞവർക്ക് ദ്വിദിന Job Orientation ക്യാമ്പ്

7000 ത്തിലധികം പേർ ടാലന്റ് പരീക്ഷ എഴുതുകയും അതിലധികം കുട്ടികൾ യൂണിയൻതല കരിയർ മോട്ടിവേഷൻ ക്യാമ്പിൽ എത്തുകയും ചെയ്തപ്പോൾ അവിടെ എത്തിച്ചേർന്ന നിരവധി രക്ഷിതാക്കൾ ചോദിച്ച പ്രധാനചോദ്യം ഡിഗ്രിയും പി ജി യും കഴിഞ്ഞ തൊഴിൽരഹിതരായവരെ കുറിച്ചായിരുന്നു. ഇക്കാര്യം ജനറൽ സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തി യപ്പോൾ അവർക്കായുള്ള സാധ്യതകളെപറ്റി പരിശോധിക്കാൻ SNPC യോട് ആവശ്യപ്പെട്ടു. ഈ ചർച്ചയിലൂടെ ഡിഗ്രിയും പി.ജിയും കഴിഞ്ഞും ജോലിലഭിക്കാത്ത ഉദ്യോഗാർത്ഥികൾക്കായി രണ്ടുദിവസം നീണ്ടു നിൽക്കുന്ന **ജോബ് ഓറിയന്റേഷൻ ക്യാമ്പ്** ചേർത്തലയിൽ വെച്ചുനടത്താൻ ജനറൽ സെക്രട്ടറി ഉപദേശിച്ചു. ഒരു നാമമാത്ര ഫീസ് മാത്രം ഈടാക്കി, ഉദ്യോഗാർത്ഥികളെ ക്യാമ്പിൽ എത്തിച്ച് അവരവരുടെ യോഗ്യത അനുസരിച്ച് സ്വകാര്യമേഖലയിലെ വിവിധ തൊഴിലവസരങ്ങളിൽ എത്തിക്കുക എന്ന ലക്ഷ്യത്തിനാണ് നാം ശ്രമിക്കുന്നത്.

സ്വന്തം അഭിരുചിക്കനുയോജ്യമായ വിഷയം തെരെഞ്ഞെടുക്കാത്തതും സ്വകാര്യ മേഖലയിലെ അനന്തമായ തൊഴിലവസരങ്ങളെ കുറിച്ചുള്ള അറിവില്ലായ്മയും ആത്മവിശ്വാസക്കുറവുമാണ് ഈ പ്രശ്നത്തിനു കാരണമെന്നും മനസിലാക്കുന്നു. ഉദ്യോഗാർത്ഥികളെ സ്വകാര്യമേഖലയിലെ ജോലി ചെയ്യാനായി കഴിവും ആത്മവിശ്വാസവും നൽകി അവരെ അതിനായി പ്രാപ്തരാക്കുക എന്നതാണ് ജോബ് ഓറിയന്റേഷൻ ക്യാമ്പിന്റെ ലക്ഷ്യം.

## TALANT TEST TOPPERS ആയിട്ടുള്ള 100 പേർക്ക് ദ്വിദിന ക്യാമ്പ്

ജനറൽ സെക്രട്ടറിയുടെ നിർദേശാനുസരണം SNPC നടത്തിയ ടാലന്റ് പരീക്ഷയിൽ ഏറ്റവും മികച്ച പ്രകടനം കഴ്ചവെച്ച 100 കുട്ടികൾക്ക് ചേർത്തല കണിച്ചുകുളങ്ങര വെച്ച് ഒരു ദ്വിദിനക്യാമ്പ് നടത്തുന്നതിന് SNPC കേന്ദ്രസമിതി തീരുമാനിച്ചിട്ടുണ്ട്. മികച്ച ടാലന്റ് ഉള്ള കുട്ടികൾക്ക് ഇത്തരം ട്രെയിനിങ് നടത്തുകയും ടാലന്റ് ടെസ്റ്റ് എഴുതിയ എല്ലാ കുട്ടികൾക്കും 20 യൂണിയനുകളിൽ വെച്ച് കരിയർ മോട്ടിവേഷൻ ക്യാമ്പ് നടത്തി റിസൾട്ട് ഷീറ്റും സർട്ടിഫിക്കറ്റും വിതരണം ചെയ്തു അടുത്ത ഘട്ടത്തിലെ സ്കോളർഷിപ്പിനോടൊപ്പം മികച്ച ടാലെന്റ് ഉള്ള കുട്ടിയെ SNDP യോഗം ചേർത്തുപിടിച്ച് ഉന്നതസ്ഥാനങ്ങളിൽ എത്തിക്കാനുള്ള പരിശ്രമം നടത്തുകയാണ്.

കുട്ടികളുടെ ടാലന്റിൽ ഓരോ വർഷവും മാറ്റങ്ങൾ വന്നുകൊണ്ടിരിക്കും. അതിനാൽ താല്പര്യമുള്ള എല്ലാകുട്ടികളും +2 കഴിയുന്നതുവരെ ടാലന്റ് പരീക്ഷയിൽ പങ്കെടുക്കണം. എല്ലാവർഷവും ഏപ്രിൽ മാസത്തിൽ SNTSE ഉണ്ടായിരിക്കും. അടുത്തവർഷം മുതൽ ഓരോ ക്ലാസ്സിനും പ്രത്യേകം ചോദ്യപേപ്പർ ആയിരിക്കും. പരീക്ഷ ഓൺലൈൻ ആയി നടത്തുന്നതിന്റെ സാധ്യതകളെപ്പറ്റി പരിശോധിച്ചുവരികയാണ്.

### ശ്രീനാരായണ സ്കോളർഷിപ്പ് എക്സാമിനേഷൻ (SNSE)

SNPCയുടെ എല്ലാ ജില്ലായൂണിയൻ ഭാരവാഹികളും ഇതിനായി മുന്നിട്ടിറങ്ങുകയും യൂണിയൻ, ശാഖ എന്നിവയുടെ സഹകരണം ഉറപ്പുവരുത്തി മുഴുവൻ ഈഴവ കുട്ടികളെയും (std 5 to std 12) സ്കോളർഷിപ്പ് പരീക്ഷയിൽ പങ്കെടുപ്പിക്കണം. ശാഖകളിലെ കുടുംബയോഗങ്ങളിലും രവിവാര പാഠശാലകളിലും ഇതു സംബന്ധിച്ച ബോധവത്കരണ ക്ലാസുകൾ നടത്തണം. ഈ വർഷത്തെ സ്കോളർഷിപ്പ് പരീക്ഷ കുട്ടികൾക്ക് പ്രയോജനകരമാണെന്ന് തോന്നിയാൽ വരും വർഷങ്ങളിലും +2 വരെ ഉള്ള പരീക്ഷയിൽ പങ്കെടുപ്പിക്കണം. കുട്ടികളെ പഠന മികവിന് പ്രാപ്തരാക്കുന്ന വിവിധ പ്രവർത്തനങ്ങൾ ഇടവേളകളിൽ നൽകും. സ്കൂൾ കാഘട്ടത്തിൽതന്നെ കുട്ടികൾ 12000ൽ അധികം പൊതുവിജ്ഞാന പ്രാവീണ്യം നേടുന്നത് ചെറിയ കാര്യമല്ല. ഇതിലൂടെ ഏത് മത്സരപരീക്ഷയെയും സധൈര്യം അഭിമുഖീകരിക്കാനും കുട്ടികൾ പ്രാപ്തരാകും .

# SREE NARAYANA DHARMA PARIPALANA YOGAM

P.B. No. 512, Kollam-691001
Ph: 0474-2742883, 2746120

Vellappally Natesan
General Secretary
Phone Office : 0474-2742883, 2746120
Resi. Kollam : 0474-2744105, 2749838
E-mail: kollamsndpyogam@gmail.com

Ref: No.A4/321/2025-26

Date : 25.06.2025

To,

എല്ലാ യൂണിയൻ സെക്രട്ടറിമാർക്കും

വിഷയം : മനീഷ-വിസ്ഡം 3-ാം ഘട്ടം ശ്രീനാരായണ സ്കോളർഷിപ്പ് എക്സാമിനേഷൻ സംബന്ധമായി.

സൂചന : ശ്രീനാരായണ പെൻഷനേഴ്സ് കൗൺസിലിന്റെ 03.06.2025 ലെ നിർവ്വാഹ സമിതി തീരുമാനം.

സർ,

വിദ്യകൊണ്ട് പ്രബുദ്ധരാകുവാൻ ഉദ്ബോധിപ്പിച്ച ഗുരുവിന്റെ ആശയങ്ങൾ പിൻതുടർന്ന് എസ്.എൻ.ഡി.പി.യോഗത്തിന്റെ പോഷക സംഘടനകളിലൊന്നായ ശ്രീനാരായണ പെൻഷനേഴ്സ് കൗൺസിൽ (എസ്.എൻ.പി.സി.) നടപ്പാക്കുന്ന മനീഷ -വിസ്ഡം പദ്ധതി ഇതിനോടകം ശ്രദ്ധേയമായി കഴിഞ്ഞു. വരും തലമുറയ്ക്ക് നിശാബോധം നൽകുവാനും നേരായ വഴിയേ പഠനം നടത്തുവാനും കുട്ടികളെ ഉത്സാഹ ഭരിതരാക്കുവാനും എസ്.എൻ.പി.സി. നടത്തിയ ശ്രീനാരായണ ടാലന്റ് ടെസ്റ്റും തുടർന്ന് തെരഞ്ഞെടുക്കപ്പെട്ട യൂണിയനുകളിൽ നടത്തിയ ഏകദിന കരിയർ മോട്ടിവേഷൻ ക്യാമ്പുകളും വലിയ തോതിൽ സമുദായ അംഗങ്ങൾക്ക് ഗുണകരമായി എന്ന് വിവിധ യൂണിയനുകളിൽ നിന്നും സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

മൂന്നാംഘട്ടമായി ശ്രീനാരായണീയരായ മുഴുവൻ കുട്ടികളെയും സ്കോളർഷിപ്പ് പഠനപരീക്ഷയിൽ പങ്കെടുപ്പിക്കുക എന്ന സദുദ്ദേശത്തോടെ നടത്തുന്ന ശ്രീനാരായണ സ്കോളർഷിപ്പ് എക്സാമിനേഷൻ നമ്മുടെ കുട്ടികളെ അറിവിന്റെ ഉന്നതലങ്ങളിലേയ്ക്ക് കൈപിടിച്ചു ഉയർത്തുന്നതാണ്. എല്ലാ എസ്.എൻ.ഡി.പി.യൂണിയനുകളും ശാഖകളും ഈ സംരംഭത്തിനോട് പൂർണ്ണമായി സഹകരിച്ചു അവരവരുടെ മേഖലയിലെ എല്ലാ വിദ്യാർത്ഥികളെയും ഈ പദ്ധതിയിൽ ചേർക്കേണ്ടതാണ്.

എല്ലാ കുട്ടികളെയും രവിവാര പഠന ശാലയോട് ചേർത്ത് നിർത്തി എസ്.എൻ.പി.സി. പുറത്തിറക്കുന്ന സ്കോളർഷിപ്പ് പാഠപുസ്തകം രവിവാര പാഠശാലകളിൽ അരമണിക്കാർ പഠിപ്പിക്കുന്നതിന് ശ്രമിക്കേണ്ടതാണ്. അതിരുകളില്ലാത്ത അറിവിന്റെ വാതായനങ്ങൾ അവർക്ക് മുന്നിൽ തുറന്ന് സ്കൂൾ പഠനത്തോടൊപ്പം സ്കോളർഷിപ്പ് പാഠവലി കുട്ടികളെ മത്സരപരീക്ഷകളിലേയ്ക്കും ഉയർന്ന പഠനങ്ങളിലേയ്ക്കും എത്തിക്കുവാൻ സഹായിക്കുന്നതായിരിക്കും.

THE S.N.D.P. YOGAM OFFICE KOLLAM

-2-

ONE CASTE, ONE RELIGION, ONE GOD



# SREE NARAYANA DHARMA PARIPALANA YOGAM

P.B. No. 512, Kollam-691001
Ph: 0474-2742883, 2746120

Vellappally Natesan
General Secretary
Phone Office : 0474-2742883, 2746120
Resi. Kollam : 0474-2744105, 2749838
E-mail: kollamsndpyogam@gmail.com

Ref:....................................

Date :....................................................



ശ്രീനാരായണ സ്കോളർഷിപ്പ് എക്സാമിനേഷൻ സംബന്ധമായ വിശദവിവരങ്ങളും, അതു സംബന്ധമായ ലഘുലേഖയും എസ്.എൻ.പി.സി.ഭാരവാഹികൾ യൂണിയുകളെ അറിയിക്കുന്നതാണ്. സ്കോളർഷിപ്പ് എക്സാമിനേഷൻ നടത്തുന്നതിനുള്ള സഹായ സഹകരണങ്ങൾ യൂണിയന്റെ ഭാഗത്തു നിന്നും നൽകി ഈ സംരംഭം ആത്മാർത്ഥമായി വിജയിപ്പിക്കുവാൻ ശ്രമിക്കണമെന്ന് താൽപര്യപ്പെടുന്നു.

കൂടുതൽ വിവരങ്ങൾക്ക് എസ്.എൻ.പി.സി.യുടെ ഭാരവാഹികളെ ബന്ധപ്പെടുന്നതിനായി പേരും, ഫോൺ നമ്പരും താഴെക്കൊടുത്തിരിക്കുന്നു.

*ശ്രീ.കെ.എം.സജീവ്*
*പ്രസിഡന്റ്,(എസ്.എൻ.പി.സി.)*
*9447231994*

*ഡോ.ഡി.ഷിബു പണ്ടാല*
*സെക്രട്ടറി ഇൻ ചാർജ്*
*9447616698*

*ഡോ.കെ.സോമൻ*
*കോർഡിനേറ്റർ*
*9447105821*

വിശ്വസ്തൻ

THE S.N.D.P. YOGAM OFFICE
KOLLAM

വെള്ളാപ്പള്ളി നടേശൻ
ജനറൽ സെക്രട്ടറി

ONE CASTE, ONE RELIGION, ONE GOD

QR Code

# SNPC

## Vice Presidents


DR. K Soman


DR. D Shibu Pandala


Ponnurunni Umeswaran


Venugopalan P.K


Vijaykumar V.R.


Adv. P. S. Vijayakumar

## Joint Secretary


Aisha Radhakrishnan


Ganesh Rao L


Anitha Shaji


Shaji mon


M.K Soman


Sudheeshkumar P.

## Executive Committe


Adv. P. Rajan Banerji


Prof. (Dr). Sabukuttan K.


Surendran. V, Kuzhithura


T.K. Vijayan


Harshan P.


Venugopalan C N


Santhosh A


M.K Narayanan


Baburaj P K


Guruprasanna


Haridhas V K


K B Sadhujan


Biji P R


Rajeevan M V


C K Telfy


Dr. D.Prakashan

Ambujaksha panicker